# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 924 03.12.2014 - ൽ മറുപടിക്ക്

## നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യകതമാക്കുമോ; | (എ) നബാർഡ് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന മൂപ്പൈനാട്, മേപ്പടി, വൈത്തിരി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഒന്നാംഘട്ടം, സുൽത്താൻ ബത്തേരി, നൂൽപ്പുഴ, മുട്ടിൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഒന്നാംഘട്ടം എന്നീ പദ്ധതികളുടെ പൊതുഘടകമായ കിണറിന്റെ പ്രവൃത്തി ത്വരിതഗതിയിൽ നടന്നു വരുന്നു. മറ്റൊരു പൊതുഘടകമായ 29 എം.എൽ.ഡി. ശുദ്ധീകരണശാലയുടെ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ റദ്ദാക്കുകയും വീണ്ടും ടെണ്ടർ വിളിക്കാനുള നടപടികൾ നടന്നു വരികയും ചെയ്യുന്നു. പൈപ്പ്ലൈൻ സ്ഥാപിക്കൽ, ജലസംഭരണി നിർമ്മിക്കൽ എന്നിവയുടെ പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടതുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; ? | (ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാണ്. |

(സി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(സി) മേൽ പറഞ്ഞ പദ്ധതികളുടെ ഒന്നാം ഘട്ടം 31/12/2016-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ